**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2186** **14-10-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കോളേജ് പ്രിൻസിപ്പൽ കത്ത് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതിയുടെ 2024 റെഗുലേഷൻ പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ ഉൾപ്പെടെയുള്ള തസ്തികകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിൽ നിന്നും 27-04-2024, 21-06-2024 എന്നീ തീയതികളിൽ കത്ത് പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതിയുടെ നിലവിലുള്ള നിയമപ്രകാരം ആവശ്യമായ അധ്യാപക തസ്തികകൾ ഇല്ലാത്തത് കാരണം കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിന്റെ ബിരുദ കോഴ്സുകൾക്കും ബിരുദാനന്തര ബിരുദ കോഴ്സുകൾക്കും അംഗീകാരം നഷ്ടപ്പെടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതിയുടെ 2024 റെഗുലേഷൻ പ്രകാരമുള്ള അധിക അധ്യാപക തസ്തികകൾ അഭാവം കാരണം നിലവിൽ കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിലെ യു.ജി, പി.ജി. കോഴ്സുകൾക്ക് അംഗീകാരം നഷ്ടപ്പെടുന്ന സാഹചര്യമില്ല. 2024 റെഗുലേഷൻ പ്രകാരമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന് ഒരു വർഷത്തെ അധിക സമയം റെഗുലേഷൻ പ്രകാരം തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിൽ നിന്നും തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജിലേക്ക് സമർപ്പിച്ച ജി.എച്ച്.എം.സി.കെ./155/2024/ഇ2 എന്ന ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) | 2024 എൻ.സി.എച്ച്. മാനദണ്ഡ പ്രകാരം തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ട് കോഴിക്കോട് കോളേജിൽ നിന്നും കത്ത് പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. നിലവിലുള്ള തസ്തികകൾ പുനർ ക്രമീകരണം ചെയ്തുകൊണ്ടു 2024 എൻ.സി.എച്ച്. മാനദണ്ഡ പ്രകാരം ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ തയ്യാറാക്കി വരുന്നു. |
| (ഡി) | പ്രസ്തുത ഫയൽ തുടർനടപടികൾക്കായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഫയൽ നമ്പർ ലഭ്യമാക്കുമോ; | (ഡി) | 2024 എൻ.സി.എച്ച്. മാനദണ്ഡ പ്രകാരം തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ട് കോഴിക്കോട് കോളേജിൽ നിന്നും കത്ത് പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. നിലവിലുള്ള തസ്തികകൾ |

| | | | |
|---|---|---|---|
| | | | പുനർ ക്രമീകരണം ചെയ്തുകൊണ്ടു 2024 എൻ.സി.എച്ച്. മാനദണ്ഡ പ്രകാരം ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ തയ്യാറാക്കി വരുന്നു. |
| (ഇ) | പ്രസ്തുത ഫയൽ തുടർനടപടികൾക്കായി ആയുഷ് വകുപ്പിലേക്ക് സമർപ്പിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | (ഇ) | 2024 എൻ.സി.എച്ച്. മാനദണ്ഡ പ്രകാരം തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ട് കോഴിക്കോട് കോളേജിൽ നിന്നും കത്ത് പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. നിലവിലുള്ള തസ്തികകൾ പുനർ ക്രമീകരണം ചെയ്തുകൊണ്ടു 2024 എൻ.സി.എച്ച്. മാനദണ്ഡ പ്രകാരം ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ